## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1306** **12.03.2015 ലെ മറുപടിയ്ക്ക്**

# കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിലനിർത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചത് എന്നാണ്; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) സർക്കാർ നിർമ്മാണ പ്രവർത്തനങ്ങൾ ഗുണനിലവാരത്തോടെ ഏറ്റെടുത്ത് പൂർത്തീകരിക്കാനാണ് 1975 ൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ രൂപീകരിച്ചത്. |
| (ബി) സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സംവിധാനം എന്ന നിലയിൽ പ്രസ്തുത സ്ഥാപനത്തിന് ടെണ്ടറിൽ പങ്കെടുക്കുന്നതിനും ചെയ്ത പ്രവർത്തികളുടെ പണം നൽകുന്നതിനും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (ബി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്. ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥയുണ്ട്. |
| (സി) പ്രസ്തുത ആനുകൂല്യങ്ങൾ ഇപ്പോൾ നൽകി വരുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് നിർത്തലാക്കുവാൻ ഉണ്ടായ കാരണങ്ങൾ വിശദമാക്കാമോ; | (സി) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പങ്കെടുക്കുന്ന ടെണ്ടർ നടപടികളിൽ 10% പ്രൈസ് പ്രിഫറൻസ് അനുവദിച്ച് കരാർ നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ ആനുകൂല്യം കമ്പനി നേരിട്ടു നടത്തുന്ന പ്രവർത്തികൾക്കായി പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ആനുകൂല്യങ്ങൾ ഒഴിവാക്കുക മൂലം പൊതുമരാമത്ത് പ്രവർത്തികളിൽ സ്വകാര്യ കരാറുകാർ നടത്തുന്ന അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് തടയിടാൻ ഫലപ്രദമായ ഇടപെടൽ നടത്തുന്ന സർക്കാർ നിയന്ത്രിത സ്ഥാപനം ഇല്ലാതാകുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; | (ഡി) & | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | എങ്കിൽ കെ.എസ്.സി.സി.യെ ഈ മേഖലയിൽ നിലനിർത്തുന്നതിന് ആനുകൂല്യങ്ങൾ പുനസ്ഥാപിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഇ) | |

സെക്ഷൻ ഓഫീസർ